"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം വിരാലി വിമലഹൃദയ എൽ.പി.എസ്.ലെ എൽ.പി.എസ്.എ. ആയ സിസ്റ്റർ സെറി ജി. ഫയൽ ചെയ്ത റിട്ട് ഹർജി 15933/2025-ന്മേലുള്ള 11/04/2025-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.218/2026/GEDN തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. സിസ്റ്റർ സെറി ജി. സമർപ്പിച്ച 20.03.2025-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി4)
2. റിട്ട് ഹർജി 15933/2025-ന്മേലുള്ള 11/04/2025-ലെ വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/06/2025-ലെ എഫ്1/10877/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വിരാലി വിമലഹൃദയ എൽ.പി.എസ്.ലെ എൽ.പി.എസ്.എ. ആയ സിസ്റ്റർ സെറി ജി. ഫയൽ ചെയ്ത റിട്ട് ഹർജി 15933/2025-ന്മേലുള്ള പരാമർശം2 ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 26/06/2025 തീയതിയിൽ ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റു കക്ഷികളെ നേരിൽ കേട്ടു.

2. **ഹർജിക്കാരിയുടെ വാദംച്ചുവടെ ചേർക്കുന്നു.**

ഹർജിക്കാരി എൽ.പി.എസ്.എ. ആയി 29/06/2006 മുതൽ അഡീഷണൽ പോസ്റ്റിലേക്ക് വിരാലി വിമലഹൃദയ എൽ.പി.എസ്.ൽ എൽ.പി.എസ്.എ. ആയി നിയമിക്കപ്പെട്ടു. എന്നാൽ ടിയാളുടെ നിയമനം 01/06/2011 മുതൽ മാത്രമാണ് അംഗീകരിക്കപ്പെട്ടത്. ഇതിനുള്ള കാരണം G.O.(P)No.317/2005/GEdn പ്രകാരം സർക്കാർ അധിക ഡിവിഷനുകളിൽ ഒഴിവുകളിൽ അധ്യാപകരുടെയും അധ്യാപകൻ ജീവനക്കാരുടെ നിയമനം നിരോധിച്ചു. പിന്നീട് G.O.(P)No.10/2010/GEdn തീയതി 12/01/2010 പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി നിയമന നിരോധനം നീക്കി. ടി ഉത്തരവ് പ്രകാരം മാനേജർ സമർപ്പിക്കേണ്ട ബോണ്ട് സമർപ്പിക്കാത്തതിനാലാണ് അപേക്ഷകയുടെ നിയമനാംഗീകാരം 29/06/2006 മുതൽ അംഗീകരിക്കപ്പെടാതെ പോയത്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2592/2025 തീയതി 26/07/2017 പ്രകാരം മാനേജർ ബോണ്ട് നൽകിയിട്ടില്ല എങ്കിലും ആയത് നൽകിയതായി പരിഗണിച്ച് അധ്യാപകരുടെ നിയമനം അംഗീകരിക്കാറുണ്ട്. ആയതിനാൽ 29/06/2006 മുതൽ 31/05/2011 വരെയുള്ള കാലയളവിൽ നിയമനം അംഗീകരിച്ചു കിട്ടണം എന്നുള്ളതാണ് ആവശ്യം.

3. <u>പൊതുവിദ്യാഭ്യാസ ഓഫീസർമാരുടെ വാദം ചുവടെ ചേർക്കുന്നു.</u>

സിസ്റ്റർ സെറി ജി.യെ 29/06/2006 മുതൽ ടി സ്കൂളിൽ 2006-07-ലെ അധിക തസ്തികയിൽ മാനേജർ നിയമിച്ചു. ടി നിയമനം 2006-2007 അക്കാദമിക വർഷത്തിലെ അഡീഷണൽ പോസ്റ്റിൽ ഉള്ള നിയമനമാണ്. വിരാലി വിമല ഹൃദയ എൽ.പി.എസ്. കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ പട്ടികയിൽപ്പെടുന്നതാണ്. എന്നാൽ ഈ സ്കൂൾ വ്യക്തിഗത മാനേജ്മെന്റ് എന്ന നിലയിലാണ് പ്രവർത്തിച്ചു വരുന്നത്. ടി സ്കൂളിൽ സിസ്റ്റർ സെറിയെ എൽ.പി.എസ്.ടി. ആയി മാനേജർ 2006 മുതൽ ജൂൺ 29 ന് അഡീഷണൽ തസ്തികയിൽ നിയമിച്ചു. എന്നാൽ ടി നിയമനം ജി.ഒ.(പി)നം.317/05/പൊ.വി.വ തീയതി 17/08/2005 പ്രകാരം അഡീഷണൽ തസ്തിക അനുവദനീയം അല്ല എന്ന സാഹചര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിക്കുകയുണ്ടായി.

ജി.ഒ.(പി)നം.10/2010/പൊ.വി.വ തീയതി 12/01/2010 പ്രകാരം ടി സ്കൂളിന്റെ തസ്തിക നിർണയം 2006-07 മുതൽ 2008-09 വരെയുള്ള കാലയളവ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും പുനർനിർണയിക്കുകയും എൽ.പി.എസ്.എ. യുടെ 3 അധിക തസ്തിക അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. 2006-07 ൽ ഒരു എൽ.പി.എസ്.എ. അധിക തസ്തികയും 2007-08 ൽ ഒരു എൽ.പി.എസ്.എ. അധിക തസ്തികയും 2008-09 ൽ ഒരു അധിക തസ്തികയും അംഗീകരിച്ചു നൽകി. ടി അധിക തസ്തികകളിൽ 2006-07 മുതൽ 2008-09 വരെ മാനേജർ 3 നിയമനങ്ങൾ നടത്തുകയുണ്ടായി. അതിൽ പരാതിക്കാരിയാണ് ഒന്നാമത്തെ ആൾ. 01/06/2011 മുതൽ സിസ്റ്റർ സെറി ജി.ഒ.(പി)നം.199/2011/പൊ.വി.വ തീയതി 01/06/2011 മുതൽ തുടർച്ചയായി നിയമനാംഗീകാരം ലഭിച്ച് സേവനത്തിൽ തുടർന്ന് വരികയാണ്. ടി സ്കൂളിന്റെ 2006-07 മുതൽ 2009-10 വരെയുള്ള തസ്തിക നിർണയ ഉത്തരവുകളും സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, അറ്റൻഡൻസ് രജിസ്റ്റർ മുതലായവ പരിശോധിച്ചതിൽ നിന്നും 2006-07 ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റിൽ ടിയാളുടെ പേര് ഉൾപ്പെടുത്തി കാണുന്നില്ല. മാനേജർ ജി.ഒ.(പി)നമ്പർ 10/2010/പൊ.വി.വ തീയതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. രേഖകൾ പരിശോധിച്ചതിൽ നിന്ന് 2006-07 മുതൽ 31/05/2011 വരെ ടിയാളെ നിലനിർത്താൻ ആവശ്യമായ തസ്തിക നിലവിലുണ്ട്. ആയതിനാൽ സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, അറ്റൻഡൻസ് രജിസ്റ്റർ മുതലായവ പരിശോധിച്ചു. ടിയാൾ ജോലി ചെയ്തു എന്ന് ഉറപ്പു വരുത്തി ടിയാളുടെ നിയമനം പുന:പരിശോധിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ പ്രസ്തുത ഗവൺമെന്റ് ഉത്തരവ് നിലവിൽ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണുള്ളത്.

4. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. സിസ്റ്റർ സെറി ജി. വിമല ഹൃദയ എൽ.പി.എസ്.ൽ 29/06/2006 തീയതിയിൽ അഡീഷണൽ ഡിവിഷൻ വേക്കൻസിയിൽ എൽ.പി.എസ്.എ. ആയി നിയമിക്കപ്പെട്ടെങ്കിലും സർക്കാർ ഏർപ്പെടുത്തിയിരുന്ന നിയമന നിരോധനം കാരണം 01/06/2011 തീയതിയിൽ മാത്രമാണ് നിയമന അംഗീകാരം കിട്ടിയത്. 29/06/2006 മുതൽ 31/05/2011 വരെ എൽ.പി.എസ്.സി. തസ്തികയിൽ അഡീഷണൽ ഡിവിഷൻ വേക്കൻസിയിൽ ജോലി ചെയ്ത കാലയളവ് അംഗീകരിച്ചു കിട്ടണം എന്നതാണ് ഹർജിയിലെ ആവശ്യം.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ ഈ സ്കൂളിന്റെ 2006-2007 മുതൽ

2009-2010 വരെയുള്ള തസ്തിക നിർണയ ഉത്തരവുകളും സ്റ്റാഫ് സ്റ്റേറ്റ്മെന്റ് മുതലായവ പരിശോധിച്ചതിൽ 2006-2007-ൽ ഹർജിക്കാരിയുടെ പേര് ഉൾപ്പെട്ടതായി കാണുന്നില്ല എന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ അറ്റൻഡൻസ് രജിസ്റ്ററിൽ ഹർജിക്കാരി ഒപ്പിട്ടിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം വിരാലി വിമല ഹൃദയ എൽ.പി.എസ്. ലെ മാനേജർ 12/01/20210 ലെ സ.ഉ.(പി)നം.10/10 ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി അധിക തസ്തികയിൽ നിയമിച്ചവർക്ക് തുല്യമായ എണ്ണം തസ്തികകളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാത്ത കേസുകളിൽ തത്തുല്യ എണ്ണം അധ്യാപകരെ സുപ്രീംകോടതി വിധിക്കു വിധേയമായി നിയമിച്ചാൽ മതിയാകുമെന്ന വ്യവസ്ഥയിൽ ബോണ്ട് വച്ചതായി കണക്കാക്കി (deeming provision) വിവിധ കോടതിവിധികൾ പ്രകാരം നിയമനാംഗീകാരം നൽകുന്നുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യവസ്ഥ ബാധകമാക്കി, 29/06/2006 മുതൽ 31/05/2011 വരെയുള്ള കാലയളവിൽ സിസ്റ്റർ സെറി ജി. ജോലി ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി, മറ്റു വിധത്തിൽ യോഗ്യയെങ്കിൽ നിയമനം അംഗീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരം തിരുവനന്തപുരം വിരാലി വിമലഹൃദയ എൽ.പി.എസ്.ലെ എൽ.പി.എസ്.എ. ആയ സിസ്റ്റർ സെറി ജി. ഫയൽ ചെയ്ത റിട്ട് ഹർജി 15933/2025-മേലുള്ള 11/04/2025-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
സിസ്റ്റർ സെറി ജി., എൽ.പി.എസ്.എ., വിമലഹൃദയ എൽ.പി.എസ്. വിരാലി, ഉച്ചക്കട പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം-695 506.
മാനേജർ, വിമലഹൃദയ എൽ.പി.എസ്. വിരാലി, ഉച്ചക്കട പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം-695 506.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാറശ്ശാല, തിരുവനന്തപുരം-695 502.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/104/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 12-01-2026 11:16:03
സെക്ഷൻ ഓഫീസർ